**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5480** **24-03-2025 - ൽ മറുപടിയ്ക്ക്**

**വേനലിനെ നേരിടാനുള്ള മുന്നൊരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ വർഷത്തെ വേനൽ സംബന്ധിച്ച് എന്തെല്ലാം മുന്നറിയിപ്പുകൾ സംസ്ഥാനത്തിന് ഇതിനോടകം ലഭിച്ചിട്ടുണ്ട്; വിശദീകരിക്കുമോ? | (എ) | കേന്ദ്ര കാലാവസ്ഥ വകുപ്പ് (IMD) ഫെബ്രുവരി മാസത്തിൽ പുറപ്പെടുവിച്ച വേനൽക്കാലം സംബന്ധിച്ച സീസണൽ ഫോർകാസ്റ്റ് പ്രകാരം 2025 മാർച്ച് മുതൽ മെയ് വരെയുള്ള വേനൽക്കാലത്ത് കേരളത്തിൽ ചിലയിടങ്ങളിൽ (വിശേഷിച്ച് വടക്കൻ കേരളത്തിലും, തെക്കൻ കേരളത്തിലും) ഉയർന്ന താപനില സാധാരണയെക്കാൾ കൂടുതൽ ആകുവാനും, മധ്യ കേരളത്തിൽ സാധാരണ വേനൽക്കാല താപനിലക്കുള്ള സാധ്യതയുമാണ് പ്രവചിച്ചിരിക്കുന്നത്. എന്നാൽ ജനുവരി മാസം മുതൽ തന്നെ സംസ്ഥാനത്ത് പൊതുവെ ചൂട് സാധാരണയെക്കാൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുകയും പ്രസ്തുത സാഹചര്യം ഫെബ്രുവരി - മാർച്ച് മാസത്തിൽ തുടരുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സുരക്ഷാ മുൻകരുതലുകൾ എല്ലാ ദിവസവും പുറപ്പെടുവിക്കുന്നുണ്ട്. കേന്ദ്ര കാലാവസ്ഥ വകുപ്പും ഓരോ ദിവസത്തേക്കുമുള്ള ജില്ല തിരിച്ചുള്ള താപനില മുന്നറിയിപ്പുകൾ സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. വിവിധ കാലാവസ്ഥ മോഡലുകളിൽ നിന്ന് ലഭ്യമായ വിവരങ്ങളും ദുരന്ത നിവാരണ അതോറിറ്റി ഉപയോഗിച്ച് വരുന്നു. ഇത് കൂടാതെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള UV റേഡിയോ മീറ്ററുകളിൽ നിന്നുള്ള അൾട്രാവയലറ്റ് സൂചിക സംബന്ധിച്ചുള്ള മുന്നറിയിപ്പുകളും എല്ലാ ദിവസവും പുറപ്പെടുവിക്കുന്നുണ്ട്.<br><br>കൂടാതെ ചില അന്താരാഷ്ട്ര കാലാവസ്ഥ ഏജൻസികൾ പൊതുവെ ഇത്തവണത്തെ വേനൽ സീസണിൽ ഉയർന്ന താപനില സാധ്യത പ്രവചിച്ചിട്ടുണ്ട്.<br><br>വേനൽ മഴ മാർച്ച് മാസത്തിൽ എല്ലാ ജില്ലകളിലും ഈ കാലയളവിൽ സാധാരണ ലഭിക്കേണ്ട മഴയേക്കാൾ |

| | | | |
|---|---|---|---|
| | | | കൂടുതൽ ലഭിക്കാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ